I ഇ.ബി. XIV - കേരള നിയമസഭ /IX-5

**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജനുവരി 30, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I അറിയിപ്പ്**

<u>രക്തസാക്ഷി ദിനം</u>

രാഷ്ട്രപിതാവിന്റെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികമായ ഇന്ന് 11 മണിക്ക് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി ജീവത്യാഗം ചെയ്ത ദേശാഭിമാനികളുടെ സ്മരണയ്ക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നതിനായി അല്പസമയം സഭാഗംങ്ങൾ മൗനം ആചരിക്കേണ്ടതാണ്.

## II തിരുത്തിയ ഉത്തരം

നക്ഷത്ര ചിഹ്നമിടാത്ത 2260,2462 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2260, രണ്ടാംസമ്മേളനത്തിലെ 2462 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## III അടിയന്തര പ്രമേയം

കെ.എസ്. ആർ.ടി.സി. പെൻഷൻ

മി. സ്പീക്കർ : പെൻഷൻ ലഭിക്കാത്തതുമൂലം നാല്പതിനായിരത്തോളം വരുന്ന കെ.എസ്.ആർ.ടി.സി. പെൻഷൻകാരും കുടുംബാംഗങ്ങളും അനുഭവിക്കുന്ന ദുരിതപൂർണ്ണമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കെ.എസ്. ആർ.ടി.സി. സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുവെന്നത് വസ്തുതയാണ്. 2017-18 -ലെ കണക്കനുസരിച്ച് 7966 കോടി രൂപ സഞ്ചിത നഷ്ടമുള്ള ഈ സ്ഥാപനത്തെ രക്ഷിക്കാൻ ക്രിയാത്മകവും ഫലപ്രദവുമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ സമഗ്ര പുന:സംഘടന ലക്ഷ്യമാക്കി

നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ പ്രൊഫ. സുശീൽ ഖന്ന ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംഗീകൃത സംഘടനകളുടെ യോഗം ചേരുകയും പുനരുദ്ധാരണത്തിനുള്ള ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. വരുമാന വർദ്ധനവിനും കാര്യക്ഷമമായ പ്രവർത്തനത്തിനും അനുഗുണമായി ഷെഡ്യൂളുകൾ പുനക്രമീകരിക്കുന്നതിനും ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തുന്നതിനും വാഹന ഉപയോഗ നിരക്ക് ദേശീയ ശരാശരിക്കൊപ്പം എത്തുന്നതിന് ഉതകുംവിധം വർക്ക്ഷോപ്പുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഡീസലിന്റെ വിലവർദ്ധനമൂലമുള്ള അധികച്ചെലവ് പ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ട്. ഒരു മാസത്തെ പെൻഷനും രണ്ടുമാസത്തെ ശമ്പളവും നൽകുന്നതിന് സർക്കാർ ധനസഹായം നൽകുകയും മറ്റു മാസങ്ങളിലെ പെൻഷൻ നൽകുന്നതിന് സർക്കാർ ഗ്യാരന്റിയോടെ വായ്പയെടുക്കുന്നതിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പുനരുദ്ധാരണ പരിപാടിയുടെ ഭാഗമായി എസ്.ബി.ഐ. കൺസോർഷ്യത്തിൽനിന്ന് 9 ശതമാനം പലിശ നിരക്കിൽ 3350 കോടി രൂപ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും പെൻഷൻ തുക പൂർണ്ണമായി കൊടുക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കെ.എസ്.ആർ.ടി.സി.യുടെ സ്ഥാവര ജംഗമ വസ്തുക്കൾ വിൽപ്പന നടത്തി പ്രതിസന്ധി പരിഹരിക്കണമെന്ന പ്രൊഫ.സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശ അംഗീകരിക്കാൻ സാധിക്കില്ല. പെൻഷൻ പ്രായം 60 വയസ്സാക്കണമെന്ന ശിപാർശ അംഗീകരിക്കാമെന്നാണ് സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത ഏറ്റെടുക്കൽ ഉൾപ്പെടെ സമഗ്ര പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുമെന്നും ജീവനക്കാർക്ക് സമയബന്ധിതമായി പെൻഷൻ ലഭ്യമാക്കുമെന്നും ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും അഞ്ച് മാസത്തെ പെൻഷൻ ഇപ്പോഴും കുടിശ്ശികയാണ്. കൂത്താട്ടുകുളത്തെ കെ.എസ്.ആർ.ടി.സി. ഫാമിലി പെൻഷണറായ തങ്കമ്മ പെൻഷൻ ലഭിക്കാത്തതുമൂലം ആത്മഹത്യ ചെയ്ത സംഭവം അത്യന്തം ഖേദകരമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ട് പത്ത് ആത്മഹത്യകളാണ് നടന്നിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. പെൻഷൻകാർ സെക്രട്ടേറിയറ്റ് പടിക്കൽ നടത്തുന്ന സമരം അവസാനിപ്പിക്കുന്നതിനും അവർക്ക് ജീവനാംശം എന്ന നിലയിൽ പെൻഷൻ നൽകുന്നതിനും പട്ടിണി മരണവും ആത്മഹത്യയും ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിലെ മിക്ക പൊതുമേഖലാ

സ്ഥാപനങ്ങളെയും ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ നിലവിൽ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി. ഇന്നും വലിയ കടബാദ്ധ്യത നേരിടുകയാണ്. ഈ സ്ഥാപനം പുനരുദ്ധരിക്കുന്നതുസംബന്ധിച്ച് പ്രൊഫ. സുശീൽ ഖന്ന ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് അവരുമായി ചർച്ച ചെയ്തിട്ടുണ്ട്. വായ്പാ തുകയുടെ പലിശ പതിനാററ ശതമാനത്തിൽ നിന്ന് ഒൻപത് ശതമാനമാക്കി കുറയ്ക്കാനുള്ള ശ്രമം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽനിന്ന് വിരമിച്ചവർക്ക് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പെൻഷൻകാരുടെ പ്രശ്നങ്ങൾ അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. കുടിശ്ശിക ഉൾപ്പെടെയുള്ള പെൻഷൻ തുക വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, മോൻസ് ജോസഫ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും

അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV ശ്രദ്ധക്ഷണിക്കൽ

### (1) റോഡുകളുടെ പരിപാലനം

ശ്രീമതി ഇ. എസ്. ബിജിമോൾ: വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകളുടെ പരിപാലനം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് സമയബന്ധിതമായി നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഗ്യാരന്റി പിരീഡ് കഴിഞ്ഞാൽ അവ ജില്ലാ-ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണ് പതിവ്. എന്നാൽ പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിനാൽ അവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്താൻ സാധിക്കാതെ സംസ്ഥാനത്തെ എല്ലാ റോഡുകളും നാശോന്മുഖമാവുകയാണ്. ആയതിനാൽ പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ഗ്രാന്റ് ഉപയോഗിച്ച് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം. ഇതിനായി തദ്ദേശസ്വയംഭരണ - പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്ത യോഗം ചേരുന്നതിനും ഫണ്ടിന്റെ അപര്യാപ്തതമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണി നടത്താൻ സാധിക്കാത്ത വലിയ റോഡുകൾ

പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): വിവിധ ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ് നിർവ്വഹിക്കുന്നത്. പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസി നടത്തുകയും ഗ്യാരന്റി പിരീഡ് കഴിഞ്ഞ് ആയത് ജില്ലാ പഞ്ചായത്തിന് കൈമാറുകയുമാണ് ചെയ്യുന്നത്. വിവിധ പദ്ധതിപ്രകാരം നിർമ്മിച്ച റോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെങ്കിൽ അവയുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് മെയിന്റനൻസ് ഗ്രാന്റ് മാർഗ്ഗരേഖപ്രകാരം തടസ്സമില്ല. ഫണ്ട് അപര്യാപ്തമാണെങ്കിൽ മറ്റു ഫണ്ടുകളും എൻ.സി.എഫ്.ആർ.ഡബ്ല്യു., നബാർഡ് എന്നീ ഫണ്ടുകളും ഉപയോഗപ്പെടുത്താവുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയിലോ എം.പി./എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന പരിപാടികൾ വഴിയോ നിർമ്മിച്ച റോഡുകളുൾപ്പെടെയുള്ള മറ്റ് റോഡുകളുടെ മെയിന്റനൻസ് ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്തിയിട്ടുള്ള റോഡ് മെയിന്റനൻസ് വിഹിതത്തിൽ നിന്ന് നടത്താവുന്നതാണെന്നും എന്നാൽ പ്രസ്തുത ഫണ്ട് പുതിയ

റോഡ് നിർമ്മിക്കുന്നതിന് ഉപയോഗിക്കാൻ പാടില്ലാത്തതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം റോഡുകൾ എല്ലാ പഞ്ചായത്തുകളും അവരവരുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും പൊതുമരാമത്ത് വകുപ്പും ചേർന്ന് ചർച്ച നടത്തുന്നതാണ്.

## (2) വാഹനാപകട നിയന്ത്രണം

ശ്രീ. റോജി എം. ജോൺ: റോഡപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും എണ്ണം വർഷംതോറും വർദ്ധിച്ചുവരികയാണ്. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് റോഡുകളുടെ വീതി കൂട്ടുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും അപകടങ്ങൾ സ്ഥിരമായി നടക്കുന്ന ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി അവ നിയന്ത്രിക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതി നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനായി നിലവിലുള്ള ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരിക്കുന്നതിനും വിജയകരമായി നടപ്പാക്കിയിട്ടുള്ള 'ശബരിമല സേഫ് സോൺ പദ്ധതി' 'സേഫ് കേരള പദ്ധതി'യാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

വിലയിരുത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ജില്ലാതലങ്ങളിൽ റോഡ് സുരക്ഷാ കമ്മിറ്റികളും ഹൈവേകളിൽ ഹൈവേ ജാഗ്രതാ സമിതികളും പ്രവർത്തിച്ചുവരുന്നുണ്ട്. റോഡുകളുടെ വീതി കൂട്ടുന്നതിന് സമൂഹത്തിന്റെ സഹകരണം ആവശ്യമാണ്. അപകടങ്ങളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിന് വിവിധ പരിശീലന പരിപാടികളും സ്കൂൾ കുട്ടികൾക്കായി പ്രത്യേക ട്രാഫിക് ബോധവൽക്കരണ പരിപാടികളും നടപ്പാക്കിവരുന്നു. വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 'ശുഭയാത്ര' എന്ന പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. പിങ്ക് ട്രാഫിക് ആപ്ലിക്കേഷൻ വഴി പൊതുജനങ്ങൾക്ക് ലൈവ് ആക്സിഡന്റ് റിപ്പോർട്ട് ചെയ്യുന്നതിനും പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ട്രാഫിക് ബോധവൽക്കരണത്തിനായി എല്ലാ മണ്ഡലങ്ങളിലും ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. റോഡപകടങ്ങൾ അവലോകനം ചെയ്യുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ട്രാഫിക് റോഡ് സേഫ്റ്റി സെല്ലിന് രൂപം നൽകിയിട്ടുണ്ട്. റോഡപകടങ്ങളിൽപ്പെടുന്നവരുടെ ആദ്യ 48 മണിക്കൂറിലെ ചികിത്സാ ചെലവ് വഹിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. റോഡുകളിൽ ശാസ്ത്രീയമായ രീതിയിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഡ്രൈവിംഗ് ടെസ്റ്റ് കാലോചിതമായി

പരിഷ്കരിക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായം.

## V സബ്മിഷൻ

### (1) എസ്. ഐ. നിയമനം

ശ്രീ. എം. സ്വരാജ് : ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്ത് കാലാവധി അവസാനിക്കാൻ പോകുന്ന സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള പോലീസിൽ എസ്.ഐ. തസ്തികകളുടെ 50 ശതമാനത്തിൽ നേരിട്ടുള്ള നിയമനം നടത്തണമെന്നും 137 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദാക്കണമെന്നും 14-7-2017-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിട്ടിരുന്നു. 490 എ.എസ്.ഐ. തസ്തികകൾ എസ്.ഐ തസ്തികകളായി അപ്ഗ്രേഡ് ചെയ്തതും 128 ആർ.എസ്.ഐ തസ്തികകൾ കേരള സിവിൽ പോലീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്തതുംമൂലം എസ്.ഐ.-മാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് പരിഗണിച്ച് 131 ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യാനാകുമെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മുമ്പുണ്ടായിട്ടുള്ള കോടതി വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ കൂടുതൽ പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) <u>വാഹന പരിശോധനയ്ക്കിടെ നടന്ന മരണം</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: കാസർഗോഡ് ജില്ലയിലെ അണങ്കൂരിൽവച്ച് വാഹനപരിശോധനയ്ക്കിടെ ഗുരുതരമായി പരിക്കേൽക്കുകയും പിന്നീട് മരണപ്പെടുകയും ചെയ്ത എം.ബി.എ. വിദ്യാർത്ഥി സുഹൈലിന്റെ മരണത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സുഹൈലിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 30-12-2017-ന് രാത്രി കാസർഗോഡ് കൺട്രോൾ റൂം പോലീസ് പാർട്ടി പതിവനുസരിച്ചുള്ള വാഹന പരിശോധന നടത്തിവരവേ കസബ അണങ്കൂർ ടി.ബി. ജംഗ്ഷൻ റോഡിൽ പുലർച്ചെ 2 മണിയോടെ മോട്ടോർ സൈക്കിൾ ഓടിച്ചുവന്ന അബ്ദുൾ സുഹൈൽ എന്നയാളെ പരിശോധനയ്ക്കായി കൈകാണിച്ച് നിർത്തി. ഈ സമയത്ത് അതിവേഗത്തിൽ ഓടിച്ച് വന്ന യൂസഫ് എന്നയാളുടെ കാർ അബ്ദുൾ സുഹൈലിന്റെ മോട്ടോർ സൈക്കിളിൽ ഇടിക്കുകയും ടിയാൻ റോഡിൽ തെറിച്ചുവീണ് തലയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും മംഗലാപുരം യൂണിറ്റി ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെടുകയും ചെയ്തു. കാർ ഡ്രൈവർ യൂസഫിനെ പ്രതിചേർത്ത് കാസർഗോഡ് ട്രാഫിക്ക് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ

അറസ്റ്റുചെയ്ത് മേൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(3) കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ

ശ്രീ. വി. പി. സജീന്ദ്രൻ: കാക്കനാട് ഇൻഫോപാർക്കിൽ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തേവരയിലും എറണാകുളത്തും ആലുവയിലും കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ പ്രവർത്തിക്കുന്നതിനാലും ഇൻഫോപാർക്കിലേയ്ക്ക് പൊതുഗതാഗത സൗകര്യങ്ങൾ ആവശ്യാനുസരണം ലഭ്യമായതിനാലും പുതുതായി ബസ് ഡിപ്പോ ആരംഭിക്കേണ്ട ആവശ്യമില്ല.

(4) **ചികിത്സാ സഹായം**

ശ്രീ. ഹൈബി ഈഡൻ: എറണാകുളം പത്മ ജംഗ്ഷനിൽ കെട്ടിടത്തിന് മുകളിൽ നിന്നും താഴേയ്ക്ക് വീണ തൃശ്ശൂർ സ്വദേശി സജിക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനും റോഡപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നവർക്ക് പാരിതോഷികം നൽകുന്നതിനും ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് സൗജന്യചികിത്സ ഉറപ്പാക്കുന്ന പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം പത്മ ജംഗ്ഷനിൽ കെട്ടിടത്തിൽ നിന്നും താഴേയ്ക്ക് വീണ് ഗുരുതരമായ പരിക്കേറ്റ തൃശ്ശൂർ സ്വദേശി

സജിയെ യഥാസമയം ആശുപത്രിയിലെത്തിക്കാതെ ജനക്കൂട്ടം കാഴ്ചക്കാരായിനിന്ന വാർത്ത നടുക്കമുളവാക്കുന്നതാണ്. സജിയുടെ ജീവൻ രക്ഷിക്കാൻ ഹൈക്കോടതി അഭിഭാഷകയായ രഞ്ജിനി നടത്തിയ ഇടപെടൽ മാതൃകാപരമാണ്. അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിക്കുന്നവർക്ക് നിയമപരമായ പരിരക്ഷ സർക്കാർ ഉറപ്പാക്കുന്നതാണ്. റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്നവരെ വേഗത്തിൽ ആശുപത്രിയിലെത്തിക്കുന്നതിനും അവർക്ക് 48 മണിക്കൂർ സൗജന്യചികിത്സ ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതി പൂർണ്ണതയിലെത്തിക്കുന്നതിനും പ്രധാന ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പണമില്ലെന്നതിന്റെ പേരിൽ ഒരാൾക്കും ചികിത്സ നിഷേധിക്കപ്പെടരുതെന്നതാണ് സർക്കാർ നയം.

<u>മി. സ്പീക്കർ:</u> മനുഷ്യത്വം മരവിച്ച ജനക്കൂട്ടത്തിന് മുമ്പിൽ മാതൃകാപരമായി പ്രവർത്തിച്ച അഭിഭാഷക രഞ്ജിനിക്കും മകൾക്കും സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## (5) **സർക്കാർ രേഖകൾ ലഭ്യമാക്കൽ**

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.:</u> കൊപ്പം പഞ്ചായത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസികുടുംബങ്ങൾക്ക് സർക്കാർ രേഖകളും

ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പാലക്കാട് ജില്ലയിലെ കൊപ്പം പഞ്ചായത്തിലെ മൈലാടുംപാറ, മണ്ണയംകാട്, ആമയൂർ എന്നിവിടങ്ങളിൽ താമസിക്കുന്ന എട്ട് കുടുംബങ്ങൾ കാട്ടുനായ്ക്കർ എസ്.ടി. വിഭാഗത്തിൽപ്പെട്ടവരാണെന്ന കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവർക്ക് സർക്കാർ രേഖകളും പി. കെ. കാളൻ കുടുംബ പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതാണ്.

(രാഷ്ട്രപിതാവ് രക്തസാക്ഷിത്വം വരിച്ചതിന്റെ എഴുപതാം വാർഷികത്തിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ധീരദേശാഭിമാനികളുടെ ദീപ്തസ്മരണയ്ക്കു മുന്നിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് സഭാംഗങ്ങൾ രണ്ട് മിനിട്ട് മൗനം ആചരിച്ചു.)

**അറിയിപ്പ്**

മഹാത്മാ ഗാന്ധി കൊല്ലപ്പെട്ടതിന്റെ എഴുപതാം വാർഷികത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികളുടെ ഔപചാരിക ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി സെനറ്റ് ഹാളിൽ വച്ച് നിർവ്വഹിക്കുന്നതാണെന്ന

വിവരം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികകാര്യവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ സഭയെ അറിയിച്ചു.

**സബ്മിഷൻ (തുടർച്ച)**

(6) കുടിവെള്ള വിതരണം

ശ്രീ. രാജു എബ്രഹാം: വരൾച്ചബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതരണത്തിനും പൈപ്പ് ലൈൻ എക്സ്റ്റൻഷനുംവേണ്ടി ജില്ലാ കളക്ടർമാർക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരളത്തിലെ ചില പ്രദേശങ്ങളിൽ വരൾച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടെന്നുള്ളത് വസ്തുതയാണ്. വരൾച്ചാ പ്രഖ്യാപനം നടത്തേണ്ടതും സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ച് പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതും കേന്ദ്ര കൃഷിമന്ത്രാലയം പുറപ്പെടുവിച്ച വരൾച്ചാ മാന്വൽ-2016 പ്രകാരമാണ്. ജില്ലകളിൽ സ്ഥാപിച്ചിരിക്കുന്ന വാട്ടർ കിയോസ്കുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനും വരൾച്ച, കുടിവെള്ളക്ഷാമം എന്നിവയ്ക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര വരൾച്ചാ മാന്വൽ അനുസരിച്ച്

ബ്ലോക്കടിസ്ഥാനത്തിൽ സ്ഥിതിഗതികൾ വിലയിരുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അനുവദനീയമല്ല. കേന്ദ്ര വരൾച്ചാ മാന്വലിലെ വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിലും സംസ്ഥാനത്ത് പൊതുവിലുള്ള വരൾച്ച കണക്കിലെടുത്ത് അതാത് സന്ദർഭങ്ങളിൽ ആവശ്യമായ തീരുമാനം എടുക്കുന്നതാണ്.

(7) സംസ്ഥാനപാതയുടെ വികസനം

ശ്രീ. അനിൽ അക്കര: തൃശ്ശൂർ -കുറ്റിപ്പുറം സംസ്ഥാന പാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ-കുറ്റിയേക്കര വരെയുള്ള റോഡ് വികസനത്തിന് ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സംയുക്ത പരിശോധനയും സാമൂഹികാഘാത പഠനവും നടത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയിക്കുന്നതിനും സർവ്വേ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി ബി.എൽ.എഫ്.സി.കൂടി ഭൂഉടമകളുമായി നെഗോഷ്യേഷൻ നടത്തി സ്ഥലവില നിർണ്ണയിച്ച് ജില്ലാ കളക്ടർ

പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിക്കുന്നതാണ്.

(8) പട്ടയ പ്രശ്നം

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി വില്ലേജിലെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): നിലവിൽ റീസർവ്വേ നടപ്പാക്കാത്തതിനാൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഇടുക്കി വില്ലേജിൽ പട്ടയം നൽകിയിട്ടില്ല എന്ന വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ഉടുമ്പഞ്ചോല താലൂക്ക് പരിധിയിൽ സംയുക്ത പരിശോധന ആവശ്യമില്ല. മരിയാപുരം ഉൾപ്പെടെയുള്ള വിവിധ പഞ്ചായത്തുകളിൽ കാലങ്ങളായി കൈവശം വച്ചിട്ടുള്ള ഭൂമി 1971-74 കാലയളവിലെ റീസർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇടുക്കി താലൂക്കിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടുള്ളതും ലാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമായ അർഹരായ മുഴവൻ കൈവശക്കാർക്കും പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 01-01-1977-ന് മുമ്പ് ഭൂമി കൈവശം വച്ചുവരുന്നവരും ലാന്റ് രജിസ്റ്ററിലും കഞ്ഞിക്കുഴി വില്ലേജ് സംയുക്ത പരിശോധനാ ലിസ്റ്റിലും ഉൾപ്പെടാതെയുമുള്ള ആളുകൾക്ക് കൈവശത്തിന്റെ പഴക്കം

സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയതിനുശേഷം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പത്ത് ചെയിൻ മേഖലയിൽ മൂന്ന് ചെയിൻ പ്രദേശത്ത് പട്ടയം അനുവദിക്കുന്ന വിഷയത്തിന്മേൽ ഇടുക്കി ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. നിയമപരമായി ഇക്കാര്യങ്ങൾ പരിശോധിച്ച് അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) കനാൽ തുറക്കൽ

ശ്രീ. ആർ. രാജേഷ്: പമ്പ -കല്ലട ഇറിഗേഷൻ പ്രോജക്ടുകളുടെ ഭാഗമായ കനാലിലൂടെ കൃഷിക്കാവശ്യമായ ജലം അടിയന്തരമായി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കെ.ഐ.പി. കനാലിലൂടെ വെള്ളമെത്തിക്കുന്നതിന് ചില തടസ്സങ്ങളുണ്ട്. വേനൽക്കാലത്ത് കനാലിൽ വെള്ളമെത്തിക്കുന്നതിനുമുമ്പായി നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാൻ കനാലുകൾ വൃത്തിയാക്കുന്ന പ്രവൃത്തി പൂർത്തിയായാൽ മാത്രമേ കാര്യക്ഷമമായി ജലവിതരണം നടത്താൻ സാധിക്കുകയുള്ളൂ. മാവേലിക്കര മണ്ഡലത്തിലെ കൃഷിനാശം ഒഴിവാക്കാൻ കെ.ഐ.പി.-യുടെ വലതുകര മെയിൻ കനാൽ തുറന്നിട്ടുണ്ട്. വടശ്ശേരിക്കര ഭാഗത്ത് മെയിൻ കനാലിൽ വെള്ളം തുറന്നുവിടാൻ കഴിയാതിരുന്ന സാഹചര്യം

പരിഹരിച്ചിട്ടുണ്ട്. നിലവിൽ 10 ക്യുബിക് മീറ്റർ/ സെക്കന്റ് ജലം എല്ലാ ദിവസവും വിതരണം ചെയ്യുന്നുണ്ട്. ആളുകൾ കനാലുകളിൽനിന്ന് ജലം തിരിച്ചുവിടുന്നത് നിയന്ത്രിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

(10) തസ്തിക സൃഷ്ടിക്കൽ

ശ്രീ. റ്റി. വി. രാജേഷ്: കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപക- അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കണ്ണൂർ യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ-10, അസോസിയേറ്റ് പ്രൊഫസർ-22, അസിസ്റ്റന്റ് പ്രൊഫസർ-40 എന്നീ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി രജിസ്ട്രാറിൽനിന്നും ലഭിച്ച അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. ധനകാര്യ വകുപ്പ് അംഗീകരിച്ച, അനദ്ധ്യാപകരുടെ 100 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭയ്ക്ക് സമർപ്പിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(11) അദ്ധ്യാപക തസ്തികകൾ

ശ്രീ. പി. കെ. ബഷീർ: എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും അതിഥി അദ്ധ്യാപകർക്ക് ശമ്പള വർദ്ധന അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്തെ വിവിധ എയ്ഡഡ് കോളേജുകളിൽ അനുവദിച്ച അധിക കോഴ്സുകൾക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കോഴ്സുകളുടെ ജോലി ഭാരത്തിനനുസൃതമായി കോളേജുകളിൽ അതിഥി അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകുകയും അവരുടെ പ്രതിദിന വേതനം 1470/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ട്രഷറി വകുപ്പിന്റെ നിർദ്ദേശപ്രകാരം അതിഥി അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് പുതിയ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

## VI ക്രമപ്രശ്നം

### ഓൺ ഡിമാന്റ് വെബ്കാസ്റ്റിംഗ് സംബന്ധിച്ച്

ശ്രീ. കെ. സി. ജോസഫ്: സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയുടെ മകൻ ഉൾപ്പെട്ട സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് പ്രതിപക്ഷ നേതാവ് 25-01-2018-ന് ഉന്നയിച്ച സബ്മിഷനും അതിന് മുഖ്യമന്ത്രി നൽകിയ മറുപടിയും അഞ്ച് ദിവസമായിട്ടും നിയമസഭാ വെബ്സൈറ്റിലെ വീഡിയോ ഓൺ ഡിമാന്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഇത് നിയമസഭാ വെബ്സൈറ്റിലെ വീഡിയോ ഓൺ ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2018 ജനുവരി 25-ന് പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിച്ച സബ്മിഷനിലെ ചില പരാമർശങ്ങൾ സഭാനടപടികളിൽ നിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ചില അംഗങ്ങൾ ചെയറിന് രേഖാമൂലം കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സബ്മിഷനിലെ ഏതെങ്കിലും ഭാഗം നീക്കം ചെയ്യേണ്ടതുണ്ടോയെന്ന് പരിശോധിച്ച ശേഷം അത് നിയമസഭാ വെബ്സൈറ്റിലെ വീഡിയോ ഓൺ ഡിമാന്റ് ലിങ്കിൽ ഉൾപ്പെടുത്തുന്നതാണ്.

## VII മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VIII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കായി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കാൻ പോകുന്ന ചുമതലകളുടെയും നടത്താനുദ്ദേശിക്കുന്ന പദ്ധതികളുടെയും വിശദമായ രൂപരേഖയാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. ദുർബല ജനവിഭാഗങ്ങളെ ഉദാരവത്കരണത്തിന്റെ കടന്നാക്രമണത്തിൽ നിന്ന് സംരക്ഷിച്ചും വർഗ്ഗീയതയെ

അകറ്റി നിർത്തിയും അഴിമതിരഹിത ഭരണം നടത്തുന്ന ഈ ഗവൺമെന്റ് രാജ്യത്തിന് മാതൃകയാണ്. സമകാലീന രാഷ്ട്രീയത്തിൽ മതേതര സങ്കല്പം ഉയർത്തിപ്പിടിക്കാൻ കോൺഗ്രസ് ശ്രമിക്കുന്നില്ലെന്നുള്ളത് ഖേദകരമാണ്. ഇന്ത്യയുടെ മതേതരത്വത്തെയും തൊഴിലാളി താല്പര്യങ്ങളെയും സംരക്ഷിക്കാനും രാജ്യത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കാനും എല്ലാ കാലത്തും ഇടതുപക്ഷ പാർട്ടികൾ മാത്രമാണ് ശ്രമിച്ചിട്ടുള്ളത്.

ശ്രീ. സണ്ണി ജോസഫ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കേസുകളുടെ വർദ്ധനവും സംസ്ഥാനത്ത് മോഷണം, ഭവനഭേദനം, കൊലപാതകം, കുട്ടികൾക്കെതിരെയുള്ള ആക്രമണം എന്നിവയിലെ വർദ്ധനവും സർക്കാരിന്റെ ക്രമസമാധാന പാലന രംഗത്തെ പരാജയമാണ് സൂചിപ്പിക്കുന്നത്. അഴിമതിക്കെതിരെ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. നയരഹിത പ്രഖ്യാപനങ്ങളും ജനവിരുദ്ധ നയങ്ങളുമാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. എൽദോ എബ്രഹാം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പതിമൂന്നാം കേരള നിയമസഭയുടെ നയപ്രഖ്യാപനങ്ങളിലെ വാഗ്ദാനങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് പ്രതിപക്ഷം ആത്മപരിശോധന നടത്തണം. നോട്ട് നിരോധനം, ജി.എസ്.ടി തുടങ്ങി കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായ നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ടു പോകുന്നത്. കടുത്ത സാമ്പത്തിക

പ്രതിസന്ധിക്കിടയിലും സമസ്തമേഖലകളിൽ ഒട്ടേറെ മാറ്റങ്ങൾ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞു. ആരോഗ്യ മേഖലയിൽ തസ്തികകൾ സൃഷ്ടിക്കുകവഴി ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ നൽകുകയും മെഡിക്കൽ കോളേജുകളിൽ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തത് സർക്കാരിന്റെ നേട്ടമാണ്. വിദ്യാഭ്യാസരംഗം വാണിജ്യവൽക്കരിക്കുന്നതിനെതിരെ നടപടി സ്വീകരിച്ചു. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാനുള്ള തീരുമാനവും തരിശ് ഭൂമിയിൽ കൃഷിയിറക്കിയതും പരിസ്ഥിതി സംരക്ഷണത്തിനായി വിവിധ പഞ്ചായത്തുകളിൽ പദ്ധതികൾ ആവിഷ്കരിച്ചതും ശ്ലാഘനീയമാണ്. 13 ഇനം അവശ്യ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കേണ്ടതില്ലെന്ന വാഗ്ദാനം നടപ്പാക്കിവരുന്നു. പൊതുമരാമത്ത് വകുപ്പിൽ അഴിമതി തടയുന്നതിനും സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തുന്നതിനും റോഡുകൾ സഞ്ചാര യോഗ്യമാക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചു.

ശ്രീ. സി. കൃഷ്ണൻ: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ വികസന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ ക്രമസമാധാനനില തകർക്കാൻ ചില വർഗ്ഗീയ ശക്തികൾ ശ്രമിച്ചെങ്കിലും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് സംസ്ഥാനത്ത് സമാധാനാന്തരീക്ഷം നിലനിർത്താൻ സാധിച്ചത് അഭിമാനകരമാണ്. പ്രഖ്യാപനങ്ങൾ

നടത്തുന്നതോടൊപ്പം അവ സമയബന്ധിതമായി നടപ്പിലാക്കാനും സർക്കാർ ശ്രമിക്കുന്നുണ്ട്. കേരളത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനവും വെളിയിട വിസർജ്ജനവിമുക്ത സംസ്ഥാനവുമാക്കി മാറ്റിയത് സർക്കാരിന്റെ നേട്ടങ്ങളാണ്. ഹരിതകേരളം പദ്ധതിയും വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമായി നടന്നുവരികയാണ്. എല്ലാവർക്കും ഭൂമി എന്ന പദ്ധതി പ്രഖ്യാപനത്തിലൊതുങ്ങാതെ സമയബന്ധിതമായി നടപ്പിലാക്കാനുള്ള പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഗ്രാമീണ മേഖലകളിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചതും കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് അർഹമായ പരിഗണന നൽകിയതും 20 മാസത്തിനിടയിൽ അയ്യായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പി.എസ്.സി. നിയമനം നടത്തിയതും ഏറെ അഭിനന്ദനാർഹമാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. പൊള്ളയായ വാഗ്ദാനങ്ങളും നയപരിപാടികളും മാത്രമാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും ലോകത്തെ വികസിത രാജ്യങ്ങൾക്കൊപ്പം കേരളം എത്തുന്നതിൽ തുടക്കം കുറിച്ചത് കഴിഞ്ഞ യു.ഡി.എഫ് സർക്കാരാണ്. കലാലയങ്ങളിലെ ക്രമസമാധാനനില തകർന്നിരിക്കുന്നുവെന്ന് മാത്രമല്ല കേരള ജനതയെ സംരക്ഷിക്കാൻ സർക്കാരിന് സാധിക്കുന്നുമില്ല.

നയപ്രഖ്യാപന പ്രസംഗത്തിൽ അഴിമതി, കള്ളപ്പണം, കായൽ-വനം കയ്യേറ്റം, പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങളുടെ സംരക്ഷണം ഇവയെക്കുറിച്ച് ആശ്വാസകരമായ യാതൊന്നും പ്രതിപാദിക്കുന്നില്ല. ദേവസ്വം ബോർഡിൽ സാമ്പത്തിക സംവരണം നടപ്പിലാക്കുമെന്നാണ് ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. യാതൊരു സംവരണതത്വവും പാലിക്കാതെയാണ് ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാത്ത സാഹചര്യത്തിൽ വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് ഉചിതമല്ല.

<u>ശ്രീ. സി. കെ. നാണു</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ദേവസ്വം നിയമനത്തിൽ പിന്നോക്ക ദളിത് വിഭാഗങ്ങൾക്ക് പരിഗണന നൽകിയ നടപടി ശ്ലാഘനീയമാണ്. ഇൻഡ്യയുടെ ഭാവി ആശങ്കാജനകമാണ്. സമാന ചിന്താഗതിക്കാരായ രാഷ്ട്രീയ പാർട്ടികൾക്കുപോലും ഒന്നിച്ചുനിൽക്കാൻ സാധിക്കുന്നില്ല. ഇന്ത്യയിൽ ഏകാധിപത്യം കൊണ്ടുവന്നത് കോൺഗ്രസ് പാർട്ടിയാണ്. കോൺഗ്രസിൽ കുടുംബ ഭരണമാണ് നടക്കുന്നത്. സാമ്പത്തികമായി രാജ്യത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനേക്കാളുപരി വൻകിട കോർപ്പറേറ്റുകൾക്ക് അനുകൂലമായ നടപടികളാണ് ഭരണകൂടം സ്വീകരിക്കുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u>: ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ ഒരു

നയവുമില്ല. കെ.എസ്.ഇ.ബി.-യുടെ 120-ഓളം ട്രാൻസ്ഫോർമറുകൾ കത്തി നശിക്കുകയും 100 കോടിയോളം രൂപയുടെ നഷ്ടമുണ്ടാവുകയും ചെയ്തതിന്റെ കാരണത്തെപ്പറ്റിയും ഗുണനിലവാരമില്ലാത്ത ട്രാൻസ്ഫോർമറുകൾ വാങ്ങിയത് സംബന്ധിച്ചും അന്വേഷിച്ച് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.മാരെ മാറ്റി നിയമിക്കുമെന്ന് പ്രഖ്യാപിച്ചിട്ട് ഒരു നടപടിയുമുണ്ടായില്ല. ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് അഴിമതി കണ്ടെത്തിയിട്ടും 2014-15-ൽ കാംപ്കോ എം.ഡി-ക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചില്ല. ഈ ഗവൺമെന്റ് അഴിമതിക്കെതിരാണെന്ന് പറയുന്നുണ്ടെങ്കിലും അത് പ്രവൃത്തിയിൽ കാണുന്നില്ല. ലോക കേരള സഭയുടെ നടത്തിപ്പിൽ വലിയ ധൂർത്താണ് ഉണ്ടായിട്ടുള്ളത്.

പ്രൊഫ. കെ. യു. അരുണൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സാംസ്കാരിക മേഖലയിൽ മതഭ്രാന്തിന്റെയും വർഗ്ഗീയതയുടെയും അതിപ്രസരമാണ് ഇന്ന് കാണുന്നത്. കൃഷിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിതകേരളം പദ്ധതിക്കും പാവപ്പെട്ടവന് വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിന് മാതൃകാ ആരോഗ്യകേന്ദ്രങ്ങളും ന്യായവില ഷോപ്പുകളും സ്ഥാപിച്ച് മുന്നോട്ട് പോകുന്ന ആർദ്രം പദ്ധതിക്കും ഈ നയപ്രഖ്യാപനത്തിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

ഡോ. എൻ. ജയരാജ്: ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ പിന്തുണയ്ക്കുകയും

തെറ്റായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുക എന്നതാണ് പ്രതിപക്ഷത്തിന്റെ സമീപനം. അടിസ്ഥാനപരമായി കേരളം അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും പ്രധാന വിഷയമായ വരൾച്ചയെക്കുറിച്ചും ജനങ്ങളുടെ കുടിവെള്ളവുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ചും ഈ നയപ്രഖ്യാപനത്തിൽ കാര്യമായ പരാമർശം നടത്തിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിക്ക് അർഹമായ പരിഗണന നൽകണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: നന്ദി പ്രമേയത്തെ എതിർക്കുന്നു. ഈ നയപ്രഖ്യാപനം വെറും ആവർത്തനം മാത്രമാണ്. സർക്കാരിലുള്ള ഗവർണ്ണറുടെ അവിശ്വാസം അദ്ദേഹത്തിന്റെ വാക്കുകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ക്രിമിനൽ സ്വഭാവമുള്ള നിരവധി ഉദ്യോഗസ്ഥർ ഇന്ന് പോലീസ് സേനയിലുണ്ട്. സംസ്ഥാനത്തിന്റെ ക്രമസമാധാനനില തകർന്നുവെന്ന് ഗവർണ്ണർ തന്നെ വ്യക്തമാക്കിയിരിക്കുകയാണ്. മയക്കുമരുന്നിനടിമപ്പെട്ട് ചെറുപ്പക്കാരും പെൻഷൻ കിട്ടാതെ വയോജനങ്ങളും ആത്മഹത്യ ചെയ്യുന്നതിനെതിരെ സർക്കാർ ഉണർന്നു പ്രവർത്തിക്കണം. അരിയുടെ വില വർദ്ധനയും നെല്ല് സംഭരണത്തിലുണ്ടായ പാളിച്ചയും സർക്കാരിന്റെ പരാജയമാണ്. മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നൽകി അവരെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സേഫ്റ്റി എക്യുപ്മെന്റ്സുള്ള യാനങ്ങൾക്ക് മാത്രമേ കടലിൽ പോകുന്നതിന് അനുമതി നൽകുകയുള്ളൂവെന്ന് ഈ നയപ്രഖ്യാപനത്തിൽ ഗവർണ്ണർ

സൂചിപ്പിച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് സേഫ്റ്റി എക്യൂപ്മെന്റ്സ് വാങ്ങുന്നതിനുള്ള ധനസഹായം ഗവൺമെന്റ് ലഭ്യമാക്കണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരള ഗ്രാമ വികസന പ്രവർത്തനങ്ങൾക്ക് പുതിയൊരു ദിശാബോധം നൽകാനും ഭൂപരിഷ്കരണ നിയമം മുതൽ മലയാള ഭാഷാ നിയമം വരെ കേരളത്തിന് സംഭാവന ചെയ്യാനും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് സാധിച്ചു. പ്രവാസി മലയാളികളുടെ അനുഭവങ്ങളും അറിവുകളും കഴിവുകളും കേരളത്തിന്റെ വികസന പ്രക്രിയയിൽ ഉപയോഗപ്പെടുത്താനും സൗഹൃദം ഊട്ടിയുറപ്പിക്കാനും ലോക കേരള സഭ സംഘടിപ്പിച്ചത് ലോകത്തിനുതന്നെ മാതൃകയാണ്. ഗൾഫ് നാടുകളിൽ തടവിലായിരുന്ന 149 ഇന്ത്യാക്കാരെ ജയിൽമോചിതരാക്കിയ നടപടി ഈ ഗവൺമെന്റിന്റെ നേട്ടമാണ്. പൊതുമരാമത്ത് വകുപ്പ് ജില്ലകൾതോറും സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയതും കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ ഡിസൈൻ വിഭാഗത്തിന്റെ മേഖലാ ഓഫീസ് ആരംഭിച്ചതും ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന കാര്യങ്ങളാണ്. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 22 ലക്ഷം രൂപയുടെ ധനസഹായം വിതരണം ചെയ്യുകയും കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് പ്രതിമാസം 10000 രൂപ സഹായധനം നൽകാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്.

തൊഴിൽ-എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം സമൂഹത്തിൽ വരുത്തിയിട്ടുള്ള മാറ്റം പ്രശംസനീയമാണ്. ജനപങ്കാളിത്തത്തോടെ 'വിമുക്തി' പദ്ധതിക്ക് രൂപം നൽകുകയും വിവിധ ക്ഷേമപെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുകയും ശാന്തിക്കാരായി പിന്നോക്ക-ദളിത് വിഭാഗക്കാരെ നിയമിക്കുകയും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിനുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കുകയും സാധാരണക്കാർക്ക് വേഗത്തിൽ ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തത് ജനങ്ങളോടുള്ള സർക്കാരിന്റെ പ്രതിബദ്ധത തെളിയിക്കുന്നതാണ്. ഗെയ്ൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി ജനോപകാരപ്രദമായ രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കാനും സ്ഥലമുടമകൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ നഷ്ടപരിഹാര തുക നൽകാനും സ്വീകരിച്ച നടപടി പ്രശംസനീയമാണ്. കൊച്ചി മെട്രോ പദ്ധതി സാക്ഷാത്കരിച്ചതും 1977-നു മുമ്പ് കരമടച്ച മുഴുവൻ ആളുകൾക്കും പട്ടയം വിതരണം ചെയ്തതും പുരാവസ്തു വകുപ്പ് ആറ് ലക്ഷം പേപ്പർ രേഖകളുടെയും രണ്ട് ലക്ഷം താളിയോലകളുടെയും ഡിജിറ്റൈസേഷൻ നടത്തിയതും സർക്കാരിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നു. കർമ്മ നിരതമായ പ്രവർത്തനങ്ങളിലൂടെ മുടങ്ങിക്കിടന്ന പല വർക്കുകളും പുനരാരംഭിക്കാനുള്ള പുരാരേഖാ വകുപ്പിന്റെ നടപടി ശ്ലാഘനീയമാണ്. നവകേരളം,

ആർദ്രം, ലൈഫ് തുടങ്ങിയ ഒട്ടേറെ ജനക്ഷേമ പദ്ധതികൾ നടപ്പിലാക്കാനും അഴിമതി മുക്ത കേരളം കെട്ടിപ്പടുക്കാനുമുള്ള സർക്കാരിന്റെ ഇച്ഛാശക്തി അഭിനന്ദനാർഹമാണ്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള ജനക്ഷേമ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായും സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായും കേരളത്തെ മാറ്റാനും ഹരിതകേരളം പദ്ധതിയിലൂടെ ഒരുപ്പൂ നിലങ്ങളെ ഇരുപ്പൂ നിലങ്ങളാക്കാനും പുതുതായി 22804 ഏക്കർ നിലങ്ങളിൽ കൃഷിയിറക്കിയതിലൂടെ 32000-ത്തോളം ഏക്കർ തരിശു നിലങ്ങളിൽ കൃഷിചെയ്യാനും പച്ചക്കറി ഉൽപ്പാദന രംഗത്ത് വൻ കുതിച്ചുചാട്ടം നടത്താനും സർക്കാരിന് കഴിഞ്ഞു. അഞ്ച് വർഷത്തിനുള്ളിൽ 20 മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചുകൊണ്ട് പച്ചക്കറി ഉൽപ്പാദന രംഗത്ത് സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേന്ദ്ര - സംസ്ഥാന ഗവേഷണ കേന്ദ്രങ്ങളുടെ സംയുക്ത പ്രവർത്തനങ്ങളുടെ ഭാഗമായി നാളികേര മിഷനിലൂടെ പത്തിലധികം പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും ഹരിതകേരളം മിഷനിലൂടെ ഭക്ഷ്യസുരക്ഷയോടൊപ്പം പൊതുജനങ്ങൾക്ക് സുരക്ഷിതമായ ഭക്ഷണം

ലഭ്യമാക്കാനും നടപടി സ്വീകരിച്ചു. വരുന്ന അഞ്ച് വർഷക്കാലംകൊണ്ട് നവകേരളം, ഹരിത കേരളം, ആർദ്രം പദ്ധതികളിലൂടെ കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും സംസ്ഥാനത്തെ റോഡുകൾ പുനരുദ്ധരിക്കാനും സർക്കാരിന് സാധിച്ചു.

ശ്രീ. എം. നൗഷാദ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും വികസനം ലക്ഷ്യമിടുന്ന നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ അവതരിപ്പിച്ചത്. ജനക്ഷേമകരമായ പദ്ധതികളാണ് എക്കാലത്തും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കിയിട്ടുള്ളത്. അതിന്റെ തുടർച്ചയായിട്ടാണ് 4 മിഷനുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം ഏർപ്പെടുത്തുന്നതിനും പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവരെ ശാന്തിക്കാരായി നിയമിക്കുന്നതിനും നല്ല പൗരന്മാരായി വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിന് വിദ്യാഭ്യാസ യജ്ഞം ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കിയ സർക്കാരിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

ശ്രീ. അനിൽ അക്കര: നന്ദിപ്രമേയത്തെ എതിർക്കുന്നു. അഴിമതിക്കും കയ്യേറ്റങ്ങൾക്കും സ്ത്രീ പീഡനങ്ങൾക്കുമെതിരെ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞ് അധികാരത്തിലെത്തിയ സർക്കാർ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. നവകേരള രൂപീകരണത്തിനുവേണ്ടി സർക്കാർ

പ്രഖ്യാപിച്ച 4 മിഷനുകളുടെ ഇപ്പോഴത്തെ അവസ്ഥ പരിതാപകരമാണ്. ലൈഫ് മിഷന്റെ ഭാഗമായി വീടുകൾ പൂർത്തീകരിക്കാനോ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാനോ സാധിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടിസ്ഥാന സൗകര്യങ്ങളുണ്ടായിരുന്ന ആശുപത്രികളിൽ മാത്രമാണ് ആർദ്രം പദ്ധതി നടപ്പിലാക്കാൻ സാധിച്ചത്. ഹരിതകേരളം മിഷന് ഒരു ഡയറക്ടറെ നിയമിക്കാനോ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് മാലിന്യ നിർമ്മാർജന പ്ലാന്റ് സ്ഥാപിക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ വികസനത്തിന് പ്രതീക്ഷ നൽകുന്ന എന്തെങ്കിലും ഒരു പദ്ധതി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിനും ഡോക്ടർമാരെയും നഴ്സുമാരെയും നിയമിക്കുന്നതിനും 170 പി.എച്ച്.സി.-കളെ കുടുംബക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും വിദ്യാഭ്യാസ വായ്പയിൽ കുടിശ്ശിക വരുത്തിയവർക്ക് 900 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ക്രമസമാധാനനില മെച്ചപ്പെടുത്തുകയും അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും സാമൂഹ്യക്ഷേമ പെൻഷനുകൾ ഏർപ്പെടുത്തുകയും ചെയ്തു. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ തുക അനുവദിക്കുകയും ഒരുലക്ഷത്തി

എഴുപതിനായിരം പേർക്ക് വീട് നിർമ്മിച്ചു നൽകുകയും ചെയ്തു. വീടില്ലാത്തവർക്ക് ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നാലുവരി പാത നിർമ്മിക്കുന്നതിനും 630 കി.മീ. വരുന്ന തീരദേശ റോഡ് പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തരിശായിക്കിടന്ന 15,000 ഹെക്ടർ സ്ഥലത്ത് പുതുതായി നെൽകൃഷി ആരംഭിക്കുന്നതിനും 716 കോടി രൂപയുടെ നെല്ല് സംഭരിക്കുന്നതിനും 45,000 ക്ലാസ് മുറികളെ ഹൈടെക് ആക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വർഷാരംഭത്തിൽത്തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കുന്നതിനും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് ലഭിച്ച മുന്നറിയിപ്പുകൾ അവഗണിച്ചതിന്റെ ഫലമായാണ് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ വലിയ ദുരന്തമുണ്ടായത്. ദുരന്തം നടന്ന സ്ഥലങ്ങൾ നേരിൽ സന്ദർശിക്കാൻ തയ്യാറാകാതിരുന്ന മുഖ്യമന്ത്രിയുടെ നടപടി ഖേദകരമാണ്.

<u>ശ്രീ. വി. ജോയി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. 60 വയസ്സ് തികഞ്ഞവർക്ക് സാമൂഹ്യക്ഷേമ പെൻഷനുകൾ ഏർപ്പെടുത്തുന്നതിനും 45,000

ക്ലാസ്സ് മുറികളെ ഹൈടെക്ക് ആക്കി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും വികസന കാര്യങ്ങളിലും എല്ലാ മണ്ഡലങ്ങൾക്കും ഒരേ പരിഗണനയാണ് ഇടതുപക്ഷ മുന്നണി സർക്കാർ നൽകുന്നത്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് രാഷ്ട്രീയ മുതലെടുപ്പിനുള്ള ശ്രമം അപലപനീയമാണ്. മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ചുനൽകുന്നതിനും ഭവനനിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനും മുൻകയ്യെടുത്തത് ഈ സർക്കാരാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പുകളിലെ വിജയം സർക്കാരിന്റെ പ്രവർത്തനത്തിനുള്ള അംഗീകാരമാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണർ അംഗീകരിക്കാത്ത നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എല്ലാം ശരിയാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരിന് സംസ്ഥാനത്തിനുവേണ്ടി ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. കൊട്ടിഘോഷിച്ച് കൊണ്ടുവന്ന കിഫ്ബി എന്ന ആശയം പരാജയപ്പെട്ടിരിക്കുകയാണ്. സാമൂഹ്യവിരുദ്ധരുടെയും കൊലയാളികളുടെയും താവളമായി സംസ്ഥാനം മാറിയിരിക്കുന്നു. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നപരിഹാരത്തിന്

സത്യസന്ധമായ സമീപനം സ്വീകരിക്കുന്നതിനും റേഷൻ കാർഡ് വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും സർക്കാർ തയ്യാറാകണം. സാമ്പത്തിക സംവരണം സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കണം. സാമൂഹിക പെൻഷനുകൾ സമയബന്ധിതമായി നൽകണം. തികച്ചും ജനദ്രോഹപരമായ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അഴിമതിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ക്ഷയോന്മുഖമായ തോട്ടം മേഖലയെ നവീകരിക്കുന്നതിനുവേണ്ടി പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം ഈ മേഖലയോടുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. വിനോദസഞ്ചാര നയം രൂപീകരിക്കാൻ കഴിഞ്ഞതും ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത ആർജ്ജിക്കാനായതും ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. അദ്ധ്യാപകരുടെ മിനിമം വേജസ് ആക്ട് കൊണ്ടുവരുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. തികച്ചും മാതൃകാപരമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. മുരളീധരൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ

പരാമർശമില്ലാത്തതും വിഴിഞ്ഞം തുറമുഖം, കരമന-കളിയിക്കാവിള റോഡ് ഉൾപ്പെടെ സർക്കാരിന്റെ പല വികസന പ്രവർത്തനങ്ങളുടെയും മുന്നോട്ടുള്ള പ്രയാണം തടസ്സപ്പെട്ടിരിക്കുന്നതും ഖേദകരമാണ്. ഹൈടെക് വിദ്യാലയങ്ങൾ വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ അനുവദിക്കണം.

ശ്രീ. റ്റി. വി രാജേഷ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമ്പൂർണ്ണ വൈദ്യുതീകരണം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം എന്നിവയുൾപ്പെടെയുള്ള വിവിധ വികസന പ്രവർത്തനങ്ങളും വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിലുള്ള ഒട്ടേറെ വികസന പ്രവർത്തനങ്ങളും സർക്കാരിന്റെ നേട്ടങ്ങളാണ്. സ്ത്രീ സുരക്ഷ സർക്കാരിന്റെ പ്രധാനപ്പെട്ട മുദ്രാവാക്യമാണ്. ഓഖി ദുരന്തം മാതൃകാപരമായി കൈകാര്യം ചെയ്ത സർക്കാർ നടപടി അഭിനന്ദനാർഹമാണ്. പ്രവാസിക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചതും ലോക കേരള സഭ സംഘടിപ്പിച്ചതും അഭിമാനാർഹമാണ്. സംസ്ഥാനത്തിന്റെ പല വികസന പദ്ധതികൾക്കും കിഫ്ബി വഴി ധനസഹായം നൽകാൻ സാധിക്കുമെന്നത് അഭിമാനാർഹമാണ്.

(സഭ ഉച്ചയ്ക്കുശേഷം 3.16-ന് പിരിഞ്ഞു.)